## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2171, 17/06/2014-ലെ മറുപടിക്ക്**

## ട്രഷറികളിൽ സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.കെ.എം.മാണി<br>ധനകാര്യവും, നിയമവും,<br>ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ | ഉണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ട്രഷറി സേവനങ്ങളുടെ വിശദാംശങ്ങൾ 2013 മാർച്ച് 5-ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ട്രഷറികളിൽ നിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് ഇത് മുഖേന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ട്രഷറികളിൽ നിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യു കൊള്ളുന്നു. |
| (സി) | ഇത് സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ട്രഷറി സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ട്രഷറി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. സേവനങ്ങൾ നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടേയും അപ്പീൽ അധികാരികളുടെയും പേരു വിവരങ്ങളും ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നുണ്ട്. ട്രഷറി ഇടപാടുകാരിൽ സേവനാവകാശ നിയമം സംബന്ധിച്ചുള്ള പ്രചാരണം |

| | | | |
|---|---|---|---|
| | | | ജീവനക്കാർ മുഖേനയും നേരിട്ടും നടത്തുന്നുണ്ട്. ടി നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ട്രഷറി സേവനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അടങ്ങുന്ന കൈപ്പുസ്തകം 'കില'യുടെ നേതൃത്വത്തിൽ തയ്യാറാക്കി ഗ്രാമ സഭകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

**അക്കൗണ്ട്സ് ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്